വാരാന്ത്യപതിപ്പ് ലക്കം - 63 | JULY 31 - AUGUST 6

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## എൻ.എസ്.എസ് വാർത്തകൾ

സോഷ്യോപോഡ്സ്

പേജ് 1

ലൈബ്രറി വർക്ക്

പേജ് 2

അഡ്മിഷൻ വർക്ക്

പേജ് 2

പൊതുസമ്മേളനം

പേജ് 3

ട്രാഷ് ഇറ്റ് : തൃശ്ശൂർ താലുക്ക് ഓഫീസ്

പേജ് 4

ഹിരോഷിമ ദിനം

പേജ് 5

അക്ഷരാഗ്നി

പേജ് 5

ചോദ്യം ഉത്തരം

പേജ് 6

ചിന്താവിഷയം




## സോഷ്യോപോഡ്സ്

# എൻ.എസ്.എസ്. വാർത്തകൾ

## സോഷ്യോപോഡ്സ്

"ഹോം സ്വീറ്റ് ഹോം" എന്ന വിഷയത്തിൽ സെന്റ് തോമസ് കോളേജ് ഓട്ടോണോമസ് തൃശ്ശൂരിലെ എൻ എസ് എസ് യൂണിറ്റുകളായ **42 & 144** ചേർന്നു സോഷ്യോപോഡ്സിന്റെ എഴുപതാം എപ്പിസോഡ് ഓഗസ്റ്റ് രണ്ടിന് തിങ്കളാഴ്ച പുറത്തിറക്കി. ഈ എപ്പിസോഡ് വീടിനെക്കുറിച്ചും, നമ്മുടെ പ്രിയപ്പെട്ടവരുമായി അവിടെ ചിലവഴിക്കുന്ന സമയം എത്ര സന്തോഷം തരുന്നതാണെന്നും വളന്റിയർ സാന്റോ സംസാരിച്ചു.ഈ മത്സര ലോകത്ത് സമ്മർദപൂരിതവും മടുപ്പിക്കുന്നതുമായ ജോലിയുടെ ഷെഡ്യൂളുകൾക്ക് ശേഷം എല്ലാവരും ജീവിക്കാൻ കൊതിക്കുന്ന ഒരിടം എല്ലായ്പ്പോഴും ഉണ്ട്, അത്തരം സ്ഥലങ്ങളിൽ ഒന്നാണ് വീട്. ആരുടെയും മനസ്സിൽ സുഖവും സമാധാനവും ഉണ്ടാക്കാൻ കഴിയുന്ന സ്വർഗ്ഗമാണ് നമ്മുടെ വീട് എന്നും കൂട്ടിചേർത്തു.

## ലൈബ്രറി വർക്ക്

ആഗസ്റ്റ് ഒന്ന് തിങ്കളാഴ്ച പ്രോഗ്രാം ഓഫീസറായ പ്രൊഫ. രഞ്ജിത്ത് വർഗ്ഗീസിന്റെയും ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ പത്ത് എൻ എസ് എസ് വളന്റിയേഴ്സ് ചേർന്ന് രാവിലെ ഒൻപതര മുതൽ നാലര വരെ തൃശ്ശൂർ സെന്റ്.തോമസ് കോളേജിലെ ലൈബ്രറി വൃത്തിയാക്കി.












# അഡ്മിഷൻ വർക്ക്

സെന്റ് തോമസ് കോളേജിലെ പുതിയതായി വരുന്ന കുട്ടികളുടെ അഡ്മിഷനുമായി ബന്ധപ്പെട്ട് ഓഗസ്റ്റ് ഒന്നാം തിയ്യതിയും നാലാം തിയ്യതിയും ഇരുപതോളം എൻ എസ് എസ് വളന്റിയേഴ്സ് എൻക്വയറിയും മറ്റ് കാര്യങ്ങളുമായി രാവിലെ എട്ടര മുതൽ വൈകീട്ട് നാലുമണി വരെ അഡ്മിഷൻ ടീം അംഗങ്ങളെ സഹായിച്ചു.

# പൊതുസമ്മേളനം

ഭിന്നശേഷി രക്ഷാകർതൃ സംഘടനയായ തൃശ്ശൂർ പരിവാറും സെന്റ് തോമസ് കോളേജിലെ എൻ എസ് എസും ചേർന്ന് ഓഗസ്റ്റ് ആറ് ശനിയാഴ്ച രാവിലെ ഒൻപത് മുതൽ ഉച്ചക്ക് രണ്ട് വരെ തൃശ്ശൂർ ടൗൺ ഹാളിൽവച്ച് ഒരു പൊതുസമ്മേളനം സംഘടിപ്പിച്ചു.ഇതിൽ മുഖ്യാതിഥിയായി ശ്രീമതി. ഹരിത വി. കുമാർ(ബഹു. ജില്ലാ കളക്ടർ, തൃശ്ശൂർ) പങ്കെടുത്ത് സംസാരിച്ചു.







# ട്രാഷ് ഇറ്റ് : തൃശ്ശൂർ താലൂക്ക് ഓഫീസ്

ആഗസ്റ്റ് ആറ് ശനിയാഴ്ച പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ.രഞ്ജിത്ത് വർഗ്ഗീസിന്റെയും ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ പത്ത് എൻ എസ് എസ് വളന്റിയേഴ്സ് ചേർന്ന് രാവിലെ പത്ത് മണി മുതൽ ഒരു മണി വരെ തൃശ്ശൂർ താലൂക്ക് ഓഫീസ് ശുചിയാക്കി. ഓഫീസ് അധികൃതർ പ്രവർത്തനങ്ങളെ അഭിനന്ദിച്ചു. വളന്റിയേഴ്സ് ട്രാഷ് ഇറ്റിന്റെ പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.















# ഹിരോഷിമ ദിനം

ആഗസ്റ്റ് ആറാം തിയ്യതി ഹിരോഷിമ ദിനം ആചരിച്ചു.1945 ഓഗസ്റ്റ് 6-ന് രാവിലെ 8.15-ന് ഹിരോഷിമയിലാണ് ആദ്യമായി മനുഷ്യർക്കു നേരെ ആറ്റം ബോംബ് ആക്രമണം നടന്നത്. രണ്ടാം ലോക മഹായുദ്ധകാലത്ത് ജപ്പാനെ പരാജയപ്പെടുത്തുന്നതിനായി അമേരിക്ക കണ്ടെത്തിയ അവസാന മാർഗ്ഗമായിരുന്നു അണുവായുധ പ്രയോഗം. 1945 ജൂലൈ 25-ന് അമേരിക്കൻ വ്യോമസേനയുടെ പസഫിക് മേഖലാ കമാൻഡർ ജനറലായ കാൾ സ്പാർട്സിന് ജപ്പാനിലെ രണ്ടു നഗരങ്ങളിൽ ആറ്റംബോംബ് പ്രയോഗിക്കാനുള്ള നിർദ്ദേശം ലഭിക്കുകയായിരുന്നു. ഹിരോഷിമ നഗരത്തെ ഏതാണ്ട് പൂർണ്ണമായും നശിപ്പിച്ച സ്ഫോടനത്തിൽ 1,40,000-ത്തോളം പേരാണ് ദാരുണമായി കൊല്ലപ്പെട്ടത്.ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.



# ചോദ്യം ഉത്തരം

**NSS** ചിഹ്നത്തിലെ ചുവപ്പുനിറം എന്തിനെയാണ് സൂചിപ്പിക്കുന്നത്?

യുവത്വത്തിന്റെ ഊർജ്ജസ്വലത, ഉത്സാഹം എന്നിവയെ സൂചിപ്പിക്കുന്നു.

## അക്ഷരാഗ്നി

നിത്യ ബിനോ





## ചിന്താവിഷയം

മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന പൂർണതയുടെ സാക്ഷാത്കാരമാണ് വിദ്യാഭ്യാസം.

-- സ്വാമി വിവേകാനന്ദൻ

@nss_stc_42_144